**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3939** **17-03-2025 - ൽ മറുപടിയ്ക്ക്**

**ഹെപ്പറ്റൈറ്റിസ് ബി വാക്സിൻ ലഭ്യമാക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | എറണാകുളം ജില്ലയിലെ സർക്കാർ ആശുപത്രികളിൽ ഹെപ്പറ്റൈറ്റിസ് ബി വാക്സിൻ ലഭ്യമല്ലാത്തത് പ്രതിരോധ പ്രവർത്തനങ്ങളെ സാരമായി ബാധിച്ചിട്ടുണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, വ്യക്തമാക്കാമോ; | (എ) | യൂണിവേഴ്സൽ ഇമ്മ്യൂണൈസേഷൻ പ്രോഗ്രാം അനുസരിച്ച്, ഹെപ്പറ്റൈറ്റിസ് ബി ബർത്ത് ഡോസ് വാക്സിൻ പ്രസവം നടക്കുന്ന എല്ലാ സർക്കാർ ആശുപത്രികളിലും ലഭ്യമാണ്. ജനിച്ച് 24 മണിക്കൂറിനുള്ളിൽ കുഞ്ഞിന് നൽകുന്നതാണ് ഹെപ്പറ്റൈറ്റിസ് ബി ബർത്ത് ഡോസ് വാക്സിൻ. കൂടാതെ സർക്കാർ ആശുപത്രികളിലെ ആരോഗ്യ പ്രവർത്തകർക്കും ഹെപ്പറ്റൈറ്റിസ് ബി വാക്സിൻ ലഭ്യമാക്കിയിരുന്നു.<br><br>മുതിർന്നവർക്കുള്ള ഹെപ്പറ്റൈറ്റിസ് ബി വാക്സിൻ യൂണിവേഴ്സൽ ഇമ്മ്യൂണൈസേഷൻ പ്രോഗ്രാമിൽ കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം ഉൾപ്പെടുത്തിയിട്ടില്ല.<br><br>എറണാകുളം ജില്ലയിലെ പ്രസവം നടക്കുന്ന എല്ലാ സർക്കാർ ആശുപത്രികളിലും ഹെപ്പറ്റൈറ്റിസ് ബി വാക്സിൻ ലഭ്യമാണ്. ആയതിനാൽ യൂണിവേഴ്സൽ ഇമ്മ്യൂണൈസേഷൻ പ്രോഗ്രാമിനെ ബാധിച്ചിട്ടില്ല. |
| (ബി) | പ്രതിരോധ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് എറണാകുളം ജില്ലയിലെ സർക്കാർ ആശുപത്രികളിൽ ഹെപ്പറ്റൈറ്റിസ് ബി വാക്സിൻ അടിയന്തരമായി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ; | (ബി) | യൂണിവേഴ്സൽ ഇമ്മ്യൂണൈസേഷൻ പ്രോഗ്രാം അനുസരിച്ച്, ഹെപ്പറ്റൈറ്റിസ് ബി ബർത്ത് ഡോസ് വാക്സിൻ പ്രസവം നടക്കുന്ന എല്ലാ സർക്കാർ ആശുപത്രികളിലും ലഭ്യമാണ്. ജനിച്ച് 24 മണിക്കൂറിനുള്ളിൽ കുഞ്ഞിന് നൽകുന്നതാണ് ഹെപ്പറ്റൈറ്റിസ് ബി ബർത്ത് ഡോസ് വാക്സിൻ. കൂടാതെ സർക്കാർ ആശുപത്രികളിലെ ആരോഗ്യ പ്രവർത്തകർക്കും ഹെപ്പറ്റൈറ്റിസ് ബി വാക്സിൻ ലഭ്യമാക്കിയിരുന്നു.<br><br>മുതിർന്നവർക്കുള്ള ഹെപ്പറ്റൈറ്റിസ് ബി വാക്സിൻ യൂണിവേഴ്സൽ ഇമ്മ്യൂണൈസേഷൻ പ്രോഗ്രാമിൽ കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം ഉൾപ്പെടുത്തിയിട്ടില്ല. |

| | | | |
|---|---|---|---|
| | | | എറണാകുളം ജില്ലയിലെ പ്രസവം നടക്കുന്ന എല്ലാ സർക്കാർ ആശുപത്രികളിലും ഹെപ്പറ്റൈറ്റിസ് ബി വാക്സിൻ ലഭ്യമാണ്. ആയതിനാൽ യൂണിവേഴ്സൽ ഇമ്മ്യൂണൈസേഷൻ പ്രോഗ്രാമിനെ ബാധിച്ചിട്ടില്ല. |
| (സി) | 2025-ൽ നാളിതുവരെ എറണാകുളം ജില്ലയിൽ എത്രപേർക്ക് ഹെപ്പറ്റൈറ്റിസ് ബി വാക്സിൻ നൽകിയിട്ടുണ്ട് എന്നത് ആശുപത്രിയുടെ പേരും നൽകിയ വാക്സിന്റെ എണ്ണവും തിരിച്ച് ലഭ്യമാക്കുമോ? | (സി) | വിശദാംശം **അനുബന്ധമായി** ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| ക്രമ നമ്പർ | ആശുപത്രിയുടെ പേര് | കുട്ടികൾ | സർക്കാർ ആശുപത്രികളിലെ ആരോഗ്യ പ്രവർത്തകർ |
|---|---|---|---|
| 1 | ജനറൽ ആശുപത്രി, എറണാകുളം | 198 | 0 |
| 2 | ജനറൽ ആശുപത്രി, മൂവാറ്റുപുഴ | 225 | 0 |
| 3 | ജില്ല ആശുപത്രി, ആലുവ | 123 | 0 |
| 4 | സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, മട്ടാഞ്ചേരി | 97 | 30 |
| 5 | താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി, ഫോർട്ട് കൊച്ചി | 112 | 34 |
| 6 | താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി, പെരുമ്പാവൂർ | 9 | 12 |
| 7 | താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി, തൃപ്പൂണിത്തുറ | 29 | 0 |
| 8 | താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി, നോർത്ത് പറവൂർ | 32 | 0 |
| 9 | താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി, കോതമംഗലം | 30 | 0 |
| 10 | താലൂക്ക് ആശുപത്രി, അങ്കമാലി | 0 | 6 |
| 11 | താലൂക്ക് ആശുപത്രി, ഞാറക്കൽ | 0 | 20 |
| 12 | സി.എച്ച്.സി, മാലിപ്പുറം | 0 | 31 |
| 13 | സി.എച്ച്.സി, വാരപ്പെട്ടി | 83 | 0 |
| 14 | പി.എച്ച്.സി, ഏലൂർ | 31 | 0 |
| 15 | പി.എച്ച്.സി, പല്ലാരിമംഗലം | 162 | 0 |
| 16 | പി.എച്ച്.സി, പാലിശ്ശേരി | 0 | 28 |
| 17 | പി.എച്ച്.സി, പാറക്കടവ് | 0 | 15 |
| 18 | പി.എച്ച്.സി, കോട്ടപ്പടി | 0 | 5 |
| 19 | പി.എച്ച്.സി, പുതുവയ്പ് | 0 | 18 |
| 20 | പി.എച്ച്.സി, കീഴ്മാട് | 0 | 32 |

സെക്ഷൻ ഓഫീസർ